# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, പാലക്കാട്

നമ്പർ : PEA1-28/2019-KPSC-DOPKD

പാലക്കാട്
26-10-2024

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പാലക്കാട് ജില്ലാ ഓഫീസ് മുൻപ് പ്രവർത്തിച്ചിരുന്ന പാലക്കാട് സിവിൽ സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള പഴയ ഡീസൽ ജനറേറ്റർ 06.11.2024 ന് ഉച്ചയ്ക്ക് 3.30 മണിയ്ക്ക് മത്സരാധിഷ്ഠിത ക്വട്ടേഷനുകളുടെ അടിസ്ഥാനത്തിൽ വിൽപന നടത്തുന്നതാണ് . നിബന്ധനകളും വിശദാംശങ്ങളും താഴെ കൊടുക്കുന്നു.

| Item | Make | Model No. | Remarks |
|---|---|---|---|
| 30 KVA Diesel Generator | Ashok Leyland | AL455TADG4 | 31.08.2021 മുതൽ പ്രവർത്തനരഹിതമാണ് |

<u>നിബന്ധനകൾ:-</u>

1) ക്വട്ടേഷനുകൾ സമർപ്പിക്കാൻ താൽപര്യമുള്ളവർക്ക് 05.11.2024 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ നിലവിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പാലക്കാട് ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് ലേല സാമഗ്രി നേരിൽ കണ്ട് പരിശോധിക്കാവുന്നതാണ്.

2) 2250/- രൂപയുടെ (രണ്ടായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ) നിരതദ്രവ്യം പാലക്കാട് മാറാവുന്ന വിധം ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്, പാലക്കാട് എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3) മുദ്ര വച്ച ക്വട്ടേഷനുകൾ ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്, നിയർ ഡിസ്ട്രിക്ട് പഞ്ചായത്ത് ഓഫീസ്, കളക്ടറേറ്റ് പി.ഒ, പാലക്കാട് എന്ന വിലാസത്തിൽ 05.11.2024 ഉച്ചയ്ക്ക് 3.30 മണിയ്ക്കുള്ളിൽ ഈ ഓഫീസിൽ ലഭിക്കത്തക്കവിധം തപാൽ മാർഗ്ഗമോ, നേരിട്ടോ സമർപ്പിക്കേണ്ടതാണ്.

4) മുദ്ര വച്ച ക്വട്ടേഷൻ കവറിനു പുറത്ത് **<u>പഴയ ജനറേറ്ററിന്റെ ലേലം-ക്വട്ടേഷൻ</u>** എന്ന് എഴുതിയിരിക്കണം.

5) നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

6) ഡിമാന്റ് ഡ്രാഫ്റ്റുകൾ ഇല്ലാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

7) 06.11.2024 ന് ഉച്ചയ്ക്ക് ശേഷം 3.30 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും ഉയർന്ന തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തികളുടെ ക്വട്ടേഷനുകൾ സ്വീകരിച്ച് ലേലം സ്ഥിരപ്പെടുത്തുന്നതും, ടി വ്യക്തികൾ നിരതദ്രവ്യം കഴിച്ചുള്ള ബാക്കി തുകയും നിയമപ്രകാരമുള്ള GSTയും ഒടുക്കി ലേല സാമഗ്രി അന്നേ ദിവസം കൈപ്പറ്റി ആയത് 15 ദിവസത്തിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്. മറ്റുള്ളവർക്ക് നിരതദ്രവ്യത്തിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് മടക്കി നൽകുന്നതാണ്.

8) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിലെ സ്ഥിരമോ താൽക്കാലികമോ ആയി ജോലി നോക്കുന്ന ജീവനക്കാർക്ക് ക്വട്ടേഷനുകൾ സമർപ്പിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

9) ക്വട്ടേഷൻ സ്ഥിരപ്പെടുത്തുവാനോ റദ്ദാക്കുവാനോ ഉള്ള അധികാരം ജില്ലാ ഓഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതും ജില്ലാ ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

10) വിവരങ്ങൾക്ക് 0491-2505398 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

Signed by
Jyothilakshmi M
Date: 26-10-2024 14:09:45

**ജില്ലാ ഓഫീസർ**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്, പാലക്കാട്**

പകർപ്പ്

1) പി.ആർ യൂണിറ്റ് 2) എൻക്വയറി 3) നോട്ടീസ് ബോർഡ് 4) വെബ് സൈറ്റ്